വനിതാ കമ്മീഷന്റെ പ്രവർത്തനം

37(3118) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ നിലവിൽ വന്ന വനിതാ കമ്മീഷന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രവർത്തനം തൃപ്തികരമാണോ;

(ബി) വനിതാ കമ്മീഷൻ ചെയർപേഴ്സൺ രാഷ്ട്രീയ വിവേചനം കാണിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) വനിതാ കമ്മീഷൻ ചെയർപേഴ്സന് സർക്കാർ ആശുപത്രിയിലും സ്വകാര്യ ആശുപത്രിയിലും മെഡിക്കൽ സൗകര്യം അനുവദിച്ചിട്ടുണ്ടോ; ചികിത്സയ്ക്കുവേണ്ടി ഈ കാലയളവിൽ അനുവദിച്ച തുക എത്ര?

ഉത്തരം

(എ) പ്രവർത്തനം വിലയിരുത്തി വരികയാണ്.

(ബി) 11/97-ൽ പാലക്കാട് നടന്ന നീതിമേളയിൽ ചെയർപേഴ്സൺ രാഷ്ട്രീയ വിവേചനം കാണിച്ചു എന്നാരോപിച്ചുകൊണ്ട് പരാതി ലഭിച്ചിരുന്നു. ചെയർ പേഴ്സൺ പിന്നീടു നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽമേൽ നടപടിയൊന്നും സ്വീകരിക്കുകയുണ്ടായില്ല.

(സി) ഉണ്ട്. വനിതാ കമ്മീഷൻ ചെയർപേഴ്സന് ചികിത്സയ്ക്കു വേണ്ടി 1996- മുതൽ ഇതേവരെ 8202/- രൂപ കമ്മീഷനിൽനിന്നും അനുവദിച്ചിട്ടുണ്ട്.

വനിതാകമ്മീഷൻ ചെയർപേഴ്സന് നൽകുന്ന ആനുകൂല്യങ്ങൾ

38 (3119)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷൻ ചെയർപേഴ്സന് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ നൽകുന്നത്;

(ബി) ശമ്പളമില്ലാതെ ഒരു രൂപ ഓണറേറിയം കൈപ്പറ്റി സേവനമനുഷ്ഠിക്കുമെന്ന് കമ്മീഷൻ ചെയർപേഴ്സൺ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ 1996-97, 1998-99 തുടങ്ങിയ വർഷങ്ങളിൽ കൈപ്പറ്റിയ ശമ്പളം എത്ര;

(സി) വനിതാ കമ്മീഷൻ ചെയർപേഴ്സന് വീട്ടിലും ഓഫീസിലും ക്യാമ്പ് ഓഫീസിലും ഫോൺ അനുവദിച്ചിട്ടുണ്ടോ; 1996,1997,1998,1999 വർഷങ്ങളിൽ ചെയർപേഴ്സന്റെ ഫോണിനായി നൽകിയ തുക എത്ര?

ഉത്തരം

(എ) വനിതാ കമ്മീഷൻ ചെയർപേഴ്സന് ക്യാബിനറ്റ് മന്ത്രിയുടെ പദവി നൽകിയിട്ടുണ്ട്. പ്രതിമാസം 6000 രൂപ ഓണറേറിയം അനുവദിച്ചിട്ടുണ്ട്. ക്ളാസ് 1 ഓഫീസർമാർക്കുള്ള റ്റി.എ., ഡി.എ സൗകര്യവും വീട്ടിൽ ഒരു ഫോണും അനുവദിച്ചിട്ടുണ്ട്. ചെയർപേഴ്സന്റെ പേഴ്സണൽ സ്റ്റാഫിൽ വിവിധ തസ്തികകളിലായി 14 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ഡി.എ. ഹാൾടിന് 100 രൂപയും ട്രെയിൻ യാത്രയും 1-ാം ക്ളാസ്സിലോ

LIBRARY ARCHIVES Kerala Legislative Assembly